COCOANUT PEST IN C. K. TALUK IN 1114

274. മിസ്റ്റർ. ബി. എം. പീറർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറിൽ നിന്നും മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഫ്ലഡ്-ൽ രാമേശ്വരം വില്ലേജിൽ മാനാഞ്ചേരി, മുണ്ടംവേലി എന്നിവിടങ്ങളിൽ തെങ്ങിൻകൃഷിക്കു ബാധിച്ച പുഴുക്കേടിനെ സംബന്ധിച്ചു് ഗവൺമെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു് എന്തു പരിഹാരം വരുത്തിട്ടുണ്ടു്?

ഡാക്ടർ എ. ആർ. മേനോൻ : (എ) ഉണ്ടു്. കൊച്ചികണയന്നൂർ താലൂക്കിലെ മറ്റു വില്ലേജുകളിലെന്നപോലെ രാമേശ്വരം വില്ലേജിലും തെങ്ങുകളുടെ ഓലകൾക്കും വേരുകൾക്കും വരുന്ന രോഗങ്ങൾ കുറെയെല്ലാം ബാധിച്ചിട്ടുണ്ടു്. ഡിപ്പാർട്ടുമെൻറിൽ നിന്നും നടപടികളെടുക്കത്തക്കവണ്ണം അത്ര കഠിനമായി നെഫാൻറിസു് സെറിനോപ്സിയുടെ ഉപദ്രവം ഉണ്ടായിട്ടില്ല.

(ബി) പ്രതിവിധി ശ്രമങ്ങളെ സംബന്ധിച്ചിടത്തോളം താഴെ വരുന്നതാണു് പറയുവാനുള്ളതു്. ഈ രോഗങ്ങളുടെ കാരണങ്ങളേയും പ്രതിവിധികളേയും പറ്റി യതൊരു തീരുമാനവും ശാസ്ത്രീയാന്വേഷണം മൂലം ഇതുവരെയും ഉണ്ടായിട്ടില്ല. ഇമ്പീരിയൽ കൌൺസിൽ അഗ്രികൾച്ചറൽ റിസർച്ചിൽ നിന്നും നിയമിച്ചിരിക്കുന്ന പ്ലാൻറു് പാതോളജിസ്റ്റു് മേൽപറഞ്ഞ രോഗങ്ങളെ സംബന്ധിച്ചു് കൊച്ചിയിലും തിരുവിതാംകൂറിലും അന്വേഷണം നടത്തിവരികയാണു്. കൊല്ലമാണു് അയാളുടെ തലസ്ഥാനം. ഇതുവരെ സിദ്ധിച്ചിരിക്കുന്ന അറിവനുസരിച്ചു് ഡിപ്പാർട്ടുമെണ്ടിൽ നിന്നും ചില നിയന്ത്രണ നടപടികൾ അംഗീകരിച്ചുവരുന്നുണ്ടു്. ഇവ ഓല, സംബന്ധിച്ച രോഗത്തിനു് വൃക്ഷങ്ങളുടെ തലകളിൽ ബോർഡൊമിക്സ് ചാർ തളിക്കുകയും വളമിടലും, വേരു സംബന്ധിച്ച രോഗത്തിനു് വളമിടലും കുമ്മായം വിതറലുമാണു്. വൃക്ഷങ്ങളുടെ രോഗങ്ങൾക്കു് ഇവ താല്ക്കാലികമായ ശമനം നൽകുന്നുമുണ്ടു്.

രാമേശ്വരം ഉൾപ്പെടെ രോഗം ബാധിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളും ഫ്ലഡ്-ൽ സർവ്വെ ചെയ്യുകയുണ്ടായി. ഈ സർവ്വെയുടെ ഫലമായിട്ടാണു് കുമ്പളങ്ങിയിലെ പ്രകടനം ആരംഭിച്ചതു്. അതേ കൊല്ലത്തിൽ തന്നെ ചില നിയന്ത്രണ പദ്ധതികളെ കാണിച്ചുകൊണ്ടു് "തെങ്ങുകളുടെ വേരു സംബന്ധിച്ച രോഗം" എന്ന ലഘുലേഖ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുകയും കൊച്ചികണയന്നൂർ താലൂക്കിൽ അതു ധാരാളമായി വിതരണം ചെയ്യുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly